## നല്ല ഫോട്ടോ വേണം



**വി**വാഹമാലോചിക്കുമ്പോൾ നല്ല ഫോട്ടോകൾ ഉണ്ടായിരിക്കേണ്ടത് വളരെ ആവശ്യമാണ്. സ്റ്റുഡിയോയിലെ അന്തരീക്ഷത്തിൽ ഫോട്ടോയെടുക്കുമ്പോൾ മുഖത്ത് ടെൻഷനാകും എന്ന് പറയുന്നവരുണ്ട്. വിവാഹം തുടങ്ങിയ കുടുംബ ചടങ്ങുകളിൽ പങ്കെടുക്കുമ്പോൾ, ഏതായാലും നന്നായി വസ്ത്രധാരണം ചെയ്ത് ഒരുങ്ങിയല്ലേ പോകുന്നത്, ഏറ്റവും നല്ല ഫോട്ടോഗ്രാഫർമാരായിരിക്കും ചടങ്ങുകളുടെ ആൽബം തയ്യാറാക്കാൻ വരുന്നത്. ഫോട്ടോഗ്രാഫറോട് പറഞ്ഞ് പടം എടുപ്പിച്ച് നോക്കുക. നമ്മുടെ കുടുംബങ്ങളിൽ കല്യാണം നടക്കുമ്പോൾ അടുത്ത വിവാഹാർത്ഥികൾക്കുവേണ്ടി ഒരു ഫോട്ടോസെഷൻതന്നെ നടത്താൻ ഏർപ്പാടാക്കുന്നത് ഉപകാരപ്രദമായിരിക്കും. കല്യാണചടങ്ങ് കൂടുതൽ മോടിയാവുകയും ചെയ്യും.



## എവിടെയാണ് കഷണ്ടി? തലയിലോ, അതോ മനസ്സിലോ?

"**അ**ങ്കിളെ എനിക്കൊരു ആശയക്കുഴപ്പം. കഴിഞ്ഞ ദിവസം ഒരു കല്യാണക്കാര്യം വന്നു. കക്ഷിയെ എനിക്കിഷ്ടമായി. പക്ഷെ വീട്ടിൽ ചിലർ പറയുന്നു "അയ്യേ കഷണ്ടി" ആണല്ലോ എന്ന്.

കഷണ്ടിയുള്ളവരെ കല്യാണം കഴിച്ചാൽ എന്തെങ്കിലും കുഴപ്പമുണ്ടോ അങ്കിൾ?..."

## പ്രവാസിയുടെ കല്യാണക്കാര്യം



"**ഞ**ങ്ങള് പ്രവാസികളാണ്, മകൾക്ക് വിവാഹപ്രായം ആയി. നാട്ടിൽ ഉള്ള ഒരു പയ്യനെ വേണം എന്നാണ് ഞങ്ങളുടെ ആഗ്രഹം. വർഷത്തിൽ ഒരിക്കൽ നാട്ടിൽ വരുന്നുണ്ട്. മൂന്നുവർഷമായി ശ്രമിക്കുന്നു. ഓരോന്ന് ആലോചിച്ചു അടുത്തു വരുമ്പോഴേക്കും അവധി കഴിഞ്ഞ് തിരികെ പോകാറാകും. എല്ലാ വർഷവും ഇതുതന്നെ കഥ. ഇനി എന്താണ് ചെയ്യണ്ടത്?..."



## അവൻ കുളിക്കത്തില്ല?

"**അ**ങ്കിളെ ഇതു ഞാനാ, കഴിഞ്ഞ ആഴ്ച എന്റെ കല്യാണത്തിന് അങ്കിളു വന്ന് ബെസ്റ്റ് വിഷസ് തന്നിരുന്നു ഓർക്കുന്നുണ്ടോ?"

ഉവ്വ് മോളെ, ഓർക്കുന്നുണ്ട്, സുഖമാണോ?

സുഖമാണ് അങ്കിൾ, പക്ഷെ ഒരു പ്രശ്നമുണ്ട്. അമ്മയോടു പറഞ്ഞപ്പോൾ അങ്കിളിനെ വിളിച്ചു പറയാൻ പറഞ്ഞു.

അത് എന്തു പ്രശ്നമാ മോളെ?

അതോ, അവൻ മര്യാദക്ക് കുളിക്കത്തില്ല അങ്കിളേ. വിയർപ്പുനാറ്റം കാരണം അടുത്തു ചെല്ലാൻ പറ്റുന്നില്ല. . . . . . . . . . . . . . . ?